**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4714 20.10.2011-ൽ മറുപടിക്ക്**

**നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തനം എന്താണെന്ന് വിശദമാക്കാമോ; | (എ) | ചെലവു കുറഞ്ഞതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനും അവ പ്രചരിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന ഭവനനിർമ്മാണ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം. സ്വകാര്യ, സർക്കാർ ഏജൻസികളുടെ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുക, ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയ്ക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ ഉത്പ്പാദിപ്പിക്കുക, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ തൊഴിൽ പരിശീലനങ്ങൾ നൽകുക, നിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തന മേഖലകൾ. പത്മശ്രീ ലാറി ബേക്കറിൻെറ സ്മരണാർത്ഥം കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ നടത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള ലാബിഷാസ് എന്ന ഇൻസ്റ്റിറ്റ്യൂട്ടും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻെറ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) 2011-12 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് ഈ തുക ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | 2011-12 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് രണ്ട് അക്കൗണ്ട് ഹെഡ്ഡിലായി ആകെ 779 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

2216-80-101-99 - ₹ 574 ലക്ഷം
2216-80-101-98 - ₹ 205 ലക്ഷം

അവയുടെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

1. 14 കലവറ/മണൽ കലവറകൾ ആരംഭിക്കുന്നതിന് - 140 ലക്ഷം.
2. നിലവിലുള്ള കലവറകളുടെ വികസനത്തിനായി - 80 ലക്ഷം.
3. നിർമ്മാണ സാമഗ്രികൾക്കായുള്ള പരിശോധന ശാലകൾ ആരംഭിക്കുന്നതിന് - 90 ലക്ഷം.
4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും - 54 ലക്ഷം.
5. വിവിധ തൊഴിൽപരിശീലന പരിപാടികൾക്കായി - 200 ലക്ഷം.
6. നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ ബൗദ്ധിക വികസനത്തിനായി - 10 ലക്ഷം.

**ആകെ - 574 ലക്ഷം രൂപ.**

**ലാബിഷാസ്**

1. പുതിയ ലൈബ്രറി സ്ഥാപിക്കുന്നതിന് - 50 ലക്ഷം.
2. കാമ്പസ് വികസനം, കെട്ടിട നിർമ്മാണം - 100 ലക്ഷം.
3. ഗവേഷണ പദ്ധതികൾ - 50 ലക്ഷം.
4. പാർപ്പിട സാങ്കേതിക വിദ്യയിൽ ഏകദിന ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിന് - 5 ലക്ഷം.

**ആകെ - 205 ലക്ഷം**

ആകെയുള്ള 779 ലക്ഷം രൂപയുടെ മൂന്നിലൊന്ന് തുകയായ 258 ലക്ഷം രൂപ 22.7.2011-ലെ G.O(MS) No. 21/11/HD പ്രകാരം റിലീസ് ചെയ്യാൻ ഉത്തരവിട്ടിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത തുക ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടക്കുന്നുണ്ടോ; എങ്കിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ; | (സി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് സ്വന്തമായി സ്ഥലം ഉള്ള ജില്ലകളിലാണ് ഇപ്പോൾ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. അപ്രകാരം ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 551.625 ലക്ഷം. |
| കൊല്ലം | - | 14.50 ലക്ഷം. |
| പത്തനംതിട്ട | - | 24 ലക്ഷം. |
| ആലപ്പുഴ | - | 28 ലക്ഷം. |
| കോട്ടയം | - | 67 ലക്ഷം. |
| ഇടുക്കി | - | 10 ലക്ഷം. |
| എറണാകുളം | - | 17 ലക്ഷം. |
| പാലക്കാട് | - | 39.875 ലക്ഷം. |
| കോഴിക്കോട് | - | 17 ലക്ഷം. |
| വയനാട് | - | 10 ലക്ഷം. |
| **ആകെ** | - | **779 ലക്ഷം രൂപ** |

| | |
|---|---|
| (ഡി) ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് കീഴിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ